# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5116. 27/06/2019-ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി ഗീതാ ഗോപി**<br>**,, സി.കെ. ആശ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ** | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** |
| എ) സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കാൻസർ ചികിത്സാസൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) സംസ്ഥാന ആരോഗ്യ വകുപ്പ് കാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും കാൻസർ നിർണയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതിക്ക് തുടക്കമിട്ടിരുന്നു. ആരോഗ്യ വകുപ്പിൽ കാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജന്മാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 23 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ നാളിതുവരെ 60000 ത്തിൽ പരം കീമോ തെറാപ്പി നൽകുന്നതിനും 3000 ത്തിൽ പരം പുതിയ കേസുകൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇത് മറ്റ് കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.<br>മെഡിക്കൽ കോളേജാശുപത്രികളിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ കൊബാൾട് തെറാപ്പി യൂണിറ്റുകൾ നിലവിലുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലേക്ക് പുതിയ കൊബാൾട് തെറാപ്പി യൂണിറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കാൻസർ ചികിത്സക്കുള്ള നൂതന ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, മെഡിക്കൽ കോളേജുകളിലേക്ക് ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഓങ്കോ പാത്തോളജി , മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങളിൽ കാൻസർ ചികിത്സക്ക് എത്തുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മികച്ച ചികിത്സ ലഭ്യമാക്കി വരുന്നു. പുതുതായി തുടങ്ങിയ പാരിപ്പള്ളി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ മെഡിക്കൽ കാൻസർ ചികിത്സാ നിർണ്ണയത്തിനാവശ്യമായ മാമോഗ്രാഫി യൂണിറ്റുകൾ, അൾട്രാ സൗണ്ട് സ്കാനിങ് മെഷീൻ, സി ടി സ്കാനിംഗ് മെഷീൻ തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷ്യറി കെയർ സംവിധാനം ഒരുക്കുന്നതിനുള്ള ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തന സജ്ജമായി.<br>സർക്കാർ നിയന്ത്രണത്തിലുള്ള തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിലും , തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ അനുബന്ധം 1 ഉം , അനുബന്ധം 2 ഉം ആയി ഉൾപ്പെടുത്തുന്നു. കൊച്ചിയിലെ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലും ലോകോത്തരനിലവാരത്തിലുള്ള രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നു. |
| ബി) | കാൻസർ ചികിത്സാരംഗത്ത് ആർ.സി.സി. യിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | ബി) | നിലവിൽ കാൻസർ ചികിത്സാസംവിധാനമുള്ള സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മികച്ച സൗകര്യങ്ങൾ ലഭ്യമാണ്. മികച്ച ചികിത്സ നൽകുന്നതിനായി അഞ്ച് മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോപതോളജി എന്നീ വിഭാഗങ്ങൾ രൂപീകരിക്കുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് കാൻസർ രോഗ ചികിത്സയ്ക്കും നിയന്ത്രണത്തിനുമുള്ള കേരള കാൻസർ | സി) | സംസ്ഥാനത്ത് വർധിച്ച വരുന്ന കാൻസർ രോഗം നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു സമഗ്ര കാൻസർ നിയന്ത്രണ നയരേഖ [Kerala Cancer Control Strategy (2018 -30 )] ലോകാരോഗ്യ സംഘടനയുടെ ഇന്ത്യൻ ഓഫീസുമായി |

| | | | |
|---|---|---|---|
| | കൺട്രോൾ സ്റ്റാറ്റജി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | | സഹകരിച്ചു കൊണ്ട് തയാറാക്കിയിട്ടുണ്ട്. കേരളത്തിൽ ജീവിത ശൈലിയിൽ വന്നിട്ടുള്ള മാറ്റങ്ങളും ഉയർന്ന ആയുർദൈർഘ്യവും കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാൻസർ ചികിത്സാ സാർവത്രികമാക്കുക, ആശുപത്രികളെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാൻസർ ചികിത്സയെ വിവിധ തലങ്ങളാക്കി മാറ്റുക, കാൻസർ രോഗ നിർണയം താഴെ തട്ടിൽ നിന്നും ആരംഭിക്കുക, കാൻസർ കൊണ്ടുള്ള മരണനിരക്ക് കുറക്കുക, കാൻസർ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യങ്ങളോട് കൂടിയാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. കേരളത്തിലെ കാൻസർ ചികിത്സാ വിദഗ്ധരുടെയും (സർക്കാർ/സ്വകാര്യ ആശുപത്രികളിലെ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ലോകാരോഗ്യ സംഘടനയുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് 2030 വരെ കാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ നടത്താൻ പ്രാപ്തമായിട്ടുള്ള പല കർമ്മ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. |
| ഡി) | നിലവിൽ കാൻസർ ചികിത്സാരംഗത്തുള്ള പൊതുമേഖല, സ്വകാര്യമേഖല ആശുപത്രികളെ ബന്ധിപ്പിച്ച് ഏകീകൃത കാൻസർ ചികിത്സാ സംവിധാനങ്ങൾ എല്ലാ പ്രദേശങ്ങളിലുള്ളവർക്കും പ്രാപ്യമാക്കുന്ന കേരള കാൻസർ ഗ്രിഡ് രൂപീകരിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ഡി) | കേരളത്തിലെ കാൻസർ രോഗം ചികിൽസിക്കുന്ന എല്ലാ ആശുപത്രികളെയും സമന്വയിപ്പിച്ചുകൊണ്ട് ഒരു കേരള കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാനത്തെ എല്ലാ കാൻസർ രോഗികളുടെയും | ഇ) | സംസ്ഥാനത്തെ കാൻസർ രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഭാരത സർക്കാരിന്റെ |

| | |
|---|---|
| വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള കാൻസർ രജിസ്ട്രി തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | ധനസഹായത്തോടെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ പ്രവർത്തന കേന്ദ്രമായി തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ ജനസംഖ്യ അടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രി 2006 മുതൽ പ്രവർത്തിച്ചുവരുന്നു.<br>മലബാർ കാൻസർ സെന്ററിൽ 2010 മുതൽ വരുന്ന രോഗികളെ കേന്ദ്രീകരിച്ച് Hospital Based Cancer Registry (HBCR) ആരംഭിക്കുകയും ഇതിനോടകം 6 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ. കാസർഗോഡ് ജില്ലകളെയും മാഹിയെയും കേന്ദ്രീകരിച്ച് 2014 ജനുവരി മുതൽ മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി (MBPCR) എന്ന പേരിൽ ഒരു ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ഈ രജിസ്ട്രി കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും വിവര ശേഖരണം ജനുവരി 2018 മുതൽ ആരംഭിക്കുകയുണ്ടായി. പുതുതായി അർബുദം കണ്ടെത്തിയവരുടെയും, അർബുദം മൂലം മരണമടഞ്ഞവരുടെയും വിവരമാണ് ഇപ്രകാരം ശേഖരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

കാൻസർ ചികിത്സയുടെ കാര്യത്തിൽ ആർ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ലോകോത്തര നിലവാരത്തിലുള്ള രോഗ നിർണ്ണയം / ചികിത്സ നൽകുന്നു.
2. ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനും ക്യാൻസർ നിയന്ത്രണത്തിനുമായി ആർ.സി.സിയുടേയും ആർ.സി.സിയുടെ ഉപകേന്ദ്രങ്ങളുടേയും ആഭിമുഖ്യത്തിൽ ക്യാൻസർ മുൻകൂർ നിർണ്ണയ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു.
3. സന്നദ്ധ സംഘടനകളുടേയും പൊതു സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ അർബുദബോധനയജ്ഞം; മുൻകൂർ ക്യാൻസർ നിർണ്ണയ പദ്ധതി, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.
4. ആരോഗ്യ മേഖലയിലെ നഴ്സുമാർക്കും ഡോക്ടർമാർക്കും മുൻകൂർ ക്യാൻസർ നിർണ്ണയത്തിനും നിയന്ത്രണത്തിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.
5. അക്കാഡമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ എന്നിവ നടത്തുന്നു.
6. ക്യാൻസർ ചികിത്സയിൽ മൾട്ടി ഡിസിപ്ലനറി ക്ലിനിക്കുകൾ ഏർപ്പെടുത്തി ആർ.സി.സിയിലെ വിവിധ സ്പെഷ്യാലിറ്റികളിലുള്ള ഡോക്ടർമാരുടെ സംയോജിത സേവനം ലഭ്യമാക്കി ചികിത്സയുടെ ഗുണ നിലവാരം മെച്ചപ്പെടുത്തി.

കൂടാതെ ആർ.സി.സിയിൽ അത്യാധുനിക പീഡിയാട്രിക് ഓങ്കോളജി വിഭാഗം തുടങ്ങി. പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക് ആരംഭിച്ചു. PET CT Scanner, SPECT സ്ക്കാനർ എന്നിവ സ്ഥാപിച്ചു. പാലക്കാടും, എറണാകുളത്തുമുള്ള ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ചു കൊണ്ട് Tele Medicine സംവിധാനം ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

മലബാർ കാൻസര് സെന്ററില് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ചികിത്സ സംവിധാനങ്ങൾ താഴെ ചേർക്കുന്നു:

- പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്
- 13 ാം ധനകാര്യ കമ്മീഷന് ഫണ്ട് വിനിയോഗിച്ച് എം.സി.സിയിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നു
- സി.ടി സ്കാനർ, SPECT CT, pet Scanner, PACS, Nuclear Medicine Facility, Cath Lab, എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയില് പുരോഗമിച്ചു വരുന്നു
- അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ലബോറട്ടറി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തങ്ങള് ദ്രുത ഗതിയില് നടന്നു വരുന്നു

കൂടാതെ മലബാർ കാൻസര് സെന്ററില് താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങള് ലഭ്യമാണ്.

- 200 + രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്
- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയര് ആക്സിലറേറ്റര്, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീന്, റേഡിയോ തെറാപ്പി സിമുലേറ്റര്, ബ്രാക്കിതെറാപ്പി മഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷന് ചികിത്സാ സൗകര്യം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കല് ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.
- 4D സ്കാനര്, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, 500 എം.എ എക്സ് റേ മെഷീനും,അള്ട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സറേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.

- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.
- ബോൺമാരോ ട്രാൻസ്പ്ലാന്റേഷന് സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം .
- എന്റോസ്കോപ്പി,കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷന് സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റര് കോംപ്ലക്സ്.
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.
- കാൻസര് രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയര് വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസര് രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങള് കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- മലബാർ കാൻസർ സെന്ററില് കാൻസർ ജെനിറ്റിക്സ് ക്ലിനിക് ബഹു. എം.പി. കെ.കെ രാഗേഷിന്റെ എം. പി ഫണ്ട് (130 ലക്ഷം) വിനിയോഗിച്ച് പ്രവർത്തനമാരംഭിച്ചു.
- അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ മൂന്നാമത് ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനമാരംഭിച്ചു.
- പുതുതായി ആരംഭിച്ച ആധുനിക സംവിധാനങ്ങളോട് കൂടിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷന് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.
- എം.സി.സി ബ്ലഡ് ബാങ്ക് ആധുനീകവല്ക്കരണത്തിന്റെ ഭാഗമായി NAT (Nuedic Acid Testing) സംവിധാനം ആരംഭിച്ചു.
- ന്യൂക്ലിയാർ മെഡിസിനായുള്ള സംവിധാനം നിലവില് ഒരുക്കി വരുന്നു